മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

133 (2952) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഫിഷറീസ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിന്മേൽ കൂടുതൽ സമഗ്ര പരിശോധന വേണമെന്ന നിഗമനത്തിൽ പുതിയ കമ്മിറ്റി രൂപീകരിച്ചോ ; ആരാണ് ഈ കമ്മിറ്റിയുടെ ചെയർമാൻ, ഈ കമ്മിറ്റിയുടെ എത്ര യോഗങ്ങൾ ചേർന്നു ;

(സി) ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള ഏതെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സ്പേർട്ട് കമ്മിറ്റിയുടെ ശിപാർശയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും ഇഷ്യൂസ് സെറ്റിൽ ചെയ്യുന്നതിനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നു. ഫിഷറീസ് ഡയറക്ടറാണ് ഈ കമ്മിറ്റിയുടെ ചെയർമാൻ. ഈ കമ്മിറ്റിയുടെ രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(സി) ആക്ഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഫിഷറീസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കുകയും സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി 6 മാസത്തിലൊരിക്കൽ കൂടി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ അവലോകനം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly